

# വാർത്തകളും കുറിപ്പുകളും

### ചർച്ച് കമ്മിറ്റി അംഗങ്ങളുടെ ധ്യാന യോഗം

അടൂർ വൈദിക ജില്ലയിലെ സഭകളിൽ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റി അംഗങ്ങളുടെയും കൗൺസിലേഴ്സിന്റെയും ധ്യാന യോഗം താഴത്തുമൺ സെന്റ്. തോമസ് സി. എസ്. ഐ. പള്ളിയിൽ വെച്ച് സെപ്തംബർ ആറാം തീയതി നടന്നു. റവ ബിബിൻ ജേക്കബ് സ്വാഗതം ആശംസിച്ചു. ജില്ലാ ചെയർമാൻ റവ. ജിജി ജോസഫ് ഉദ്ഘാടനം നിർവഹിച്ചു. റവ. വിജു വർക്കി ജോർജ്, റവ. തോമസ് പായിക്കാട് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ച് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെ അടൂർ വൈദിക ജില്ലയിലെ വിവിധ പള്ളികളിൽ നിന്നായി 130 ഓളം അംഗങ്ങൾ പങ്കെടുത്തു

### യൂത്ത് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ

ക്രൈസ്റ്റ് ചർച്ച് യൂത്ത് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ ഏറെ നാളായി മുടങ്ങി കിടന്ന പ്രയ്സ് ആൻഡ് വർഷിപ്പ് ഗാന ശുശ്രൂഷ (Praise and Worship Service) സെപ്തംബർ പന്ത്രണ്ടാം തീയതി വൈകുന്നേരം നാല് മണിക്ക് പുനരാരംഭിച്ചു. യൂത്ത് ഫെല്ലോഷിപ്പ് അംഗങ്ങൾ ആലപിച്ച ഗാനങ്ങൾ കൊണ്ടും, യുവജന പങ്കാളിത്തം കൊണ്ടും ഏറെ അനുഗ്രഹകരമായിരുന്നു ഈ പരിപാടി. തദവസരത്തിൽ റെവ നൈനാൻ പി തോമസ് വചന ശുശ്രുഷ നിർവഹിച്ചു. വികാരി, റെവ തോമസ് പായിക്കാട് പ്രാർത്ഥിച്ച് ആശീർവദിച്ചു. എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച വൈകുന്നേരം നാലുമണിക്ക് ഈ പരിപാടി സംഘടിപ്പിക്കുന്നതാണ്.

### ആദ്യഫലപ്പെരുന്നാൾ

ഈ വർഷത്തെ ആദ്യഫലപ്പെരുന്നാൾ ഡിസംബർ മാസം 6-ാം തീയതിയാണല്ലോ. ഇതിന്റെ നടത്തിപ്പിലേക്കായി ശ്രീമതി. അൽസൺ ജോർജ്ജ്, ശ്രീ. ജേക്കബ് തോമസ്, ശ്രീ. സുദീപ് എബ്രഹാം എന്നിവരെ ജനറൽ കൺവീനർമാരായി തിരഞ്ഞെടുത്തിട്ടുണ്ട്.

## ക്രൈസ്റ്റ് ചർച്ച് സൺഡേ സ്കൂളിന് ഓവറോൾ ചാംപ്യൻഷിപ്പ്

അടൂർ ജില്ലാ സൺഡേ സ്കൂൾ കലാമേളയിൽ 286 പോയിന്റുകൾ എന്ന നേട്ടത്തോടെ ക്രൈസ്റ്റ് ചർച്ച് സൺഡേ സ്കൂൾ വീണ്ടും ഓവറോൾ ചാമ്പ്യന്മാരായി. 89 പോയിന്റുകളോടെ പുതുവൽ സി.എസ്.ഐ. ചർച്ച് രണ്ടാം സ്ഥാനവും, 64 പോയിന്റുകളോടെ മൺറോതുരുത്ത് സി.എസ്.ഐ. ചർച്ച് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

കലാമേളയിൽ പങ്കെടുത്ത 23 പേർക്കും അവർക്ക് പിന്തുണയും പ്രോത്സാഹനവും നൽകിയ എല്ലാവർക്കും അഭിനന്ദനങ്ങൾ.

## സി. എസ്. ഐ. രൂപീകരണ ദിനം

എൺപതാമത് സി.എസ്.ഐ. രൂപീകരണ ദിനം, സെപ്തംബർ 27 ഞായറാഴ്ച സമുചിതമായി ആചരിച്ചു. ഇംഗ്ലീഷ് ആരാധനക്ക് ശേഷം അസിസ്റ്റന്റ് വികാരി റെവ. നൈനാൻ പി. തോമസിന്റെ ആമുഖ ത്തോടും പ്രാർത്ഥനയോടും ആരംഭിച്ച ചടങ്ങിൽ റെവ. റെജി ജോർജ് വർഗീസ്, റെവ. നൈനാൻ പി. തോമസ് എന്നിവർ സി. എസ്. ഐ. പതാക ഉയർത്തി. ഗായക സംഘാംഗങ്ങളും വിശ്വാസ സമൂഹവും പങ്കെടുത്തു.

ഒക്ടോബർ മാസം നാലാം തീയതി യുവജന ഞായർ ആയി ആചരിക്കുക ആണല്ലോ. നമ്മുടെ യുവജനത സഭക്കും സഭാജനങ്ങൾക്കും നൽകുന്ന പിന്തുണക്കും കരുതലിനുമായി നമുക്ക് ദൈവത്തെ സ്തുതിക്കാം. സഭാപ്രവർത്തനങ്ങളിൽ യുവജനതയെ ചേർത്ത് നിർത്തേണ്ടതുണ്ട്. സഭയുടെ വികസനത്തിൽ യുവജനങ്ങളെ കേവലം ഭാവിയിലെ അംഗങ്ങളായല്ല, മറിച്ച് സജീവ പങ്കാളികളായും നേതാക്കളായും പരിഗണിച്ചുകൊണ്ടു നമുക്ക് മുന്നോട്ടുള്ള പ്രയാണം തുടരാം.

നവംബർ ഒന്ന് 'വിശുദ്ധരുടെ ദിനം' (All Saints' Day) ആകുന്നു. ദക്ഷിണേന്ത്യാ സഭയിൽ (CSI), തങ്ങളുടെ ലൗകീക ജീവിതയാത്ര പൂർത്തിയാക്കി, വിശ്വാസത്തിന്റെ മായാത്ത പൈതൃകം അവശേഷിപ്പിച്ച 'സാക്ഷികളുടെ സമൂഹത്തെ' (cloud of witnesses) അനുസ്മരിക്കുന്നതിനായി സമർപ്പിക്കപ്പെട്ട സുപ്രധാനമായ ഒരു ദിനമാണ് 'വിശുദ്ധരുടെ ദിനം' (All Saints' Day).

ഇതോടനുബന്ധിച്ചു നമ്മുടെ പൂർവികർ അന്ത്യ വിശ്രമം കൊള്ളുന്ന കല്ലറകളും പരിസരങ്ങളും വൃത്തിയാക്കുവാനുള്ള നടപടികൾ തുടങ്ങുവാൻ ചർച്ച് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതോടൊപ്പം സഭാ

ജനങ്ങളും തങ്ങളുടെ ബന്ധുക്കളുടെ കല്ലറകൾ വൃത്തിയാക്കുവാൻ മുന്നിട്ടിറങ്ങി ഈ ഉദ്യമത്തെ വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നൂറ്റാണ്ടിന്റെ ചരിത്രം പേറുന്ന ക്രൈസ്റ്റ് ചർച്ച് ദേവാലയവും അതുൾക്കൊള്ളുന്ന ഇടവും സഭാംഗങ്ങളുടെ സ്വകാര്യ അഹങ്കാരമാണ്. ഇവ വെടിപ്പോടെ പരിപാലിക്കുന്നതിനുള്ള നടപടികൾ ക്രൈസ്റ്റ് ചുർച്ച് ഭരണ സമിതി കൈക്കൊണ്ടു വരികയാണ്. ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായുള്ള ദീപാലങ്കാരം വീണ്ടും പ്രവർത്തിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. അതുപോലെ ശുചിമുറികളുടെ അറ്റകുറ്റപ്പണികൾ, കോമ്പൗണ്ട് ശുചീകരണം, അപകട നിലയിലുണ്ടായിരുന്ന മരങ്ങളുടെ പ്രൂണിങ് തുടങ്ങിയവ സഭാജനങ്ങളുടെയും ഭരണസമിതി അംഗങ്ങളുടെയും സഹകരണത്തോടുകൂടി ഇതിനോടകം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. ചെയ്തതിനേക്കാളേറെ ചെയ്‌വാൻ അവശേഷിക്കുന്നു എന്ന ബോധ്യത്തോടെ ഈ ഭരണസമിതി സമയബന്ധിതമായി മുന്നോട്ടു നീങ്ങുന്നു. എല്ലാ സഹകരണങ്ങൾക്കും ഒരിക്കൽകൂടി നന്ദി. ദൈവം നമ്മെ അനുഗ്രഹിയ്ക്കട്ടെ.

ആദരവോടെ,

**ബിജു മാത്യു**

സെക്രട്ടറി

# ALMANAC

| | |
|---|---|
| 09-10-2026 | Friday 7.30 a.m. H.E. (Malayalam) |
| 11-10-2026 | 19th Sunday after Pentecost Ashabhavan Sunday |
| | Sunday for the Mentally, Physically Challenged and |
| | Palliative Patients |
| | **ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെയും** |
| | **സാന്ത്വന പരിചരണം ആവശ്യമുള്ളവരുടെയും ഞായർ** |
| | Strength in Weakness: God's Grace in our lives |
| | **ബലഹീനതയിൽ തികഞ്ഞുവരുന്ന ദൈവികശക്തി** |
| | OT: Isaiah 35: 1 - 10 Psalm 34 |